"ഭരണഭാഷ-മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ധനകാര്യ വകുപ്പ്- ജീവനകാര്യം- കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് - എയിംസ് സോഫ്റ്റ് വെയറിന്റെ പ്രവർത്തനത്തിനായി കെൽട്രോണിൽ നിന്നുള്ള ടെക്നിക്കൽ / മെയിന്റനൻസ് സപ്പോർട്ട് സ്റ്റാഫിന്റെ കാലാവധി 22/02/2022 മുതൽ 21/02/2023 വരെ ദീർഘിപ്പിച്ചും നിലവിൽ നൽകി വരുന്ന വേതനത്തിന് വർദ്ധനവ് അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ധനകാര്യ (എസ്റ്റാബ്ലിഷ്മെന്റ് -ഡി) വകുപ്പ്**

**സ.ഉ.(സാധാ)നം.6743/2022/ധന** **തീയതി, തിരുവനന്തപുരം, 03/10/2022**

പരാമർശം 1 07/09/2021 സ.ഉ.(സാധാ) നം.5868/2021/ധന

2 23/03/2022 തീയതിയിലെ ഡി.കെ.എസ്.എ.469/2018/ഐ.ടി.1 നമ്പർ കത്ത്.

**ഉത്തരവ്**

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിൽ നടപ്പിലാക്കിവരുന്ന എയിംസ് സോഫ്റ്റ് വെയറിന്റെ സുഗമമായ പ്രവർത്തനത്തിനായി കെൽട്രോണിൽ നിന്നും 22.02.2021 മുതൽ 21.02.2022 വരെ മൂന്ന് (3) ഓഫ് സൈറ്റ് ടെക്നിക്കൽ/മെയിന്റനൻസ് സപ്പോർട്ട് സ്റ്റാഫിന്റെ സേവനവും, രണ്ട് (2) ഓൺ സൈറ്റ് ടെക്നിക്കൽ/മെയിന്റനൻസ് സ്റ്റാഫിന്റെ സേവനവും ലഭ്യമാക്കുന്നതിനും, എയിംസ്/ചാരിറ്റബിൾ എൻഡോവ്മെന്റ് സോഫ്ററ് വെയറിന്റെ മോഡിഫിക്കേഷൻ & എൻഹാൻസ്മെന്റ് കെൽട്രോൺ മുഖേന നിർവ്വഹിക്കുന്നതിനും പരാമർശം 1 പ്രകാരം സർക്കാർ ഭരണാനുമതി നൽകിയിരുന്നു. കെൽട്രോണിൽ നിന്നുള്ള ടി ടെക്നിക്കൽ/ മെയിന്റനൻസ് സപ്പോർട്ട് സ്റ്റാഫിന്റെ സേവനം 21.02.2022 ൽ അവസാനിച്ചിട്ടുണ്ടെന്നും ഓൺസൈറ്റ്/ഓഫ് സൈറ്റ് ടെക്നിക്കൽ മെയിന്റനൻസ് സപ്പോർട്ടിന്റെ സേവനം തുടർന്നും ആവശ്യമാണെന്നും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ പരാമർശം 2 പ്രകാരം അറിയിച്ചിരിക്കുന്നു. കൂടാതെ മേൽപ്പറഞ്ഞ ടെക്നിക്കൽ/മെയിന്റനൻസ് മോഡിഫിക്കേഷൻ ആന്റ് എൻഹാൻസ്മെന്റിന് മുൻവർഷങ്ങളിൽ അനുവദിച്ചിട്ടുള്ള നിരക്കിൽ നിന്നും ഉയർന്ന നിരക്ക് അനുവദിക്കണമെന്നും ഡയറക്ടർ അഭ്യർത്ഥിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിൽ നടപ്പിലാക്കിവരുന്ന എയിംസ് സോഫ്റ്റ് വെയറിന്റെ സുഗമമായ പ്രവർത്തനത്തിനായി 2 ഓൺസൈറ്റ്/3 ഓഫ് സൈറ്റ് ടെക്നിക്കൽ മെയിന്റനൻസ് സപ്പോർട്ടിന്റെ സേവനം ലഭ്യമാക്കുന്നതിനും, എയിംസ്/ചാരിറ്റബിൾ എൻഡോവ്മെന്റ് സോഫ്റ്റ് വെയറിന്റെ മോഡിഫിക്കേഷൻ & എൻഹാൻസ്മെന്റ് കെൽട്രോൺ മുഖേന 22.02.2022 മുതൽ 21.02.2023 വരെ നിർവ്വഹിക്കുന്നതിനും, പ്രസ്തുത ചെലവ് 2054-00-098-88-34 മറ്റ് ചെലവുകൾ (പ്ലാൻ) എന്ന ശീർഷകത്തിൽ നിന്നും വഹിക്കുന്നതിനും അനുമതി നൽകുന്നു. കൂടാതെ കെൽട്രോണിൽ നിന്നുള്ള ടെക്നിക്കൽ/മെയിന്റനൻസ് സപ്പോർട്ട്/എയിംസ് /ചാരിറ്റബിൾ എൻഡോവ്മെന്റ് സോഫ്റ്റ് വെയറിന്റെ മോഡിഫിക്കേഷൻ & എൻഹാൻസ്മെന്റ് സ്റ്റാഫിന് നിലവിൽ നൽകി വരുന്ന വേതനത്തിന് ചുവടെ പട്ടികയിൽ കാണും പ്രകാരം വർദ്ധനവ് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

| വിശദാംശങ്ങൾ | ഇപ്പോഴത്തെ നിരക്ക് (Per Man month) | വേതന വർദ്ധനവ് നൽകി അനുവദിക്കുന്ന വേതനം |
|---|---|---|
| 3 ഓഫ് സൈറ്റ് ടെക്നിക്കൽ/ മെയിന്റനൻസ് സപ്പോർട്ട് | 60,000/- | 70,000/- |
| 2 ഓൺ സൈറ്റ് ടെക്നിക്കൽ/ മെയിന്റനൻസ് സപ്പോർട്ട് | 70,000/- | 80,500/- |
| മോഡിഫിക്കേഷൻ ആന്റ് എൻഹാൻസ്മെന്റ് | 60,000/- | 70,000/- |

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**ശ്രീനി ജി.**

**ജോയിന്റ് സെക്രട്ടറി (ധനകാര്യം)**

പകർപ്പ്

അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് II) കേരള, തിരുവനന്തപുരം.
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് , തിരുവനന്തപുരം
വെബ് & ന്യൂ മീഡിയ, പബ്ലിക് റിലേഷൻ വകുപ്പ്
നോഡൽ ഓഫീസർ, ധനകാര്യ വകുപ്പ്, www.finance.kerala.gov.in
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി, (ഇ 34238)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ